LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള ഫിഷറീസ് ഗ്രാന്റ്

224(516) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങളിലും സ്വാശ്രയകോളേജുകളിലും മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലും പഠനം നടത്തുന്ന മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫിഷറീസ് ഗ്രാന്റ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് എന്നറിയിക്കുമോ;

(ബി) ഓരോ വിഭാഗത്തിലുമുള്ള സ്ഥാപനങ്ങളിൽ ഒരേ നിരക്കിലാണോ ഗ്രാന്റ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന പ്രാദേശിക കേന്ദ്രങ്ങളിലെ വിദ്യാർത്ഥികളിലെ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫിഷറീസ് ഗ്രാന്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കാലടി സർവ്വകലാശായിലും സർവ്വകലാശാല നേരിട്ട് നടത്തുന്ന പ്രാദേശിക കേന്ദ്രങ്ങളിലും (സ്വാശ്രയം ഒഴികെ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സർക്കാർ മെരിറ്റിൽ അഡ്മിഷൻ കിട്ടുന്ന കുട്ടികൾക്കും മറ്റ് അംഗീകൃത സർക്കാർ സ്ഥാപനങ്ങളിൽ സർക്കാരിന്റെ മെരിറ്റ് ലിസ്റ്റിൽനിന്ന് അഡ്മിഷൻ കിട്ടുന്ന കുട്ടികൾക്കും വിവിധ ഘട്ടങ്ങളിലായി നൽകിവരുന്നു.

(ബി) ഒരേ നിരക്കിൽ തന്നെയാണ് ഗ്രാന്റ് നൽകുന്നത്.

(സി) മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ കിട്ടുന്ന വിദ്യാർത്ഥികൾക്ക് ഗ്രാന്റ് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ അതേ നിരക്കിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കും ബാധകമാക്കുന്നതിന് സമഗ്രമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

മൊബൈൽ സ്കൂൾ ലാബ്

225(517) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ തീര പ്രദേശങ്ങളിലെ സ്കൂളുകൾക്ക് മൊബൈൽ സ്കൂൾ ലാബ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മൊബൈൽ സ്കൂൾ ലാബിന്റെ സേവനം വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന കുട്ടനാട്ടിലെ സ്കൂളുകൾക്കും കൂടി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?